# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7785 — 15.07.2014-ൽ മറുപടിയ്ക്ക്

### കുറ്റ്യാടി ഫോറസ്റ്റ് റേഞ്ച് പരിധിയിലെ ഇ.എഫ്.എൽ. കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കുറ്റ്യാടി ഫോറസ്റ്റ് റേഞ്ചിന്റെ പരിധിയിൽ ഇ.എഫ്.എൽ. ഭൂമി സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) കുറ്റ്യാടി ഫോറസ്റ്റ് റേഞ്ചിന്റെ പരിധിയിൽ ഇ.എഫ്.എൽ. ആക്ട് പ്രകാരം 73 വ്യക്തികളിൽ നിന്നും ഇ.എഫ്.എൽ. ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ടി ഭൂമിയെ സംബന്ധിച്ച് ഫോറസ്റ്റ് ട്രൈബ്യൂണലുകളിൽ നാല് ഒ.എ. കേസുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 5 WP(C) കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട് കൂടാതെ ടി ഭൂമിയിൽ വനനിയമത്തിനെതിരായ പ്രവർത്തനങ്ങൾക്കെതിരെ 16 ഒ.ആർ. കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഓരോ കേസുകളും എടുക്കാനുണ്ടായ കാരണവും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും എന്തെന്ന് വിശദമാക്കുമോ ? | ബി) ഇ.എഫ്.എൽ ആയി ഏറ്റെടുത്ത ഭൂമിയുടെ മുൻ ഉടമസ്ഥർ ഭൂമി തിരികെ ലഭിക്കുന്നതിനായി ഒ.എ. കേസ്സുകളും WP(C) കേസ്സുകളും ഫോറസ്റ്റ് ട്രൈബ്യൂണലുകളിലും ബഹു.ഹൈക്കോടതിയിലും ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ മുൻ ഉടമസ്ഥരും അവരുടെ പിൻഗാമികളും നടത്തിയ വനകുറ്റകൃത്യങ്ങൾക്കെതിരെയാണ് ഫോറസ്റ്റ് |

അധികൃതർ ഒ.ആർ. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 16 ഒ.ആർ കേസ്സുകളിൽ 4 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. രണ്ട് കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്, 10 കേസുകൾ അന്വേഷണത്തിലാണ്, 5 WP(C) കേസുകൾ കോടതിയുടെ പരിഗണനയിലാണ്. ഒ.എ. കേസുകളിൽ 2 എണ്ണത്തിൽ എം.എഫ്.എ ഫയൽ ചെയ്തിട്ടുണ്ട്, രണ്ട് കേസുകൾ ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ